പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3472 — 22/08/2017-ൽ മറുപടിക്ക്

## ജനനീ ശിശു സുരക്ഷ കാര്യക്രമം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.എസ്.ശബരീനാഥൻ** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) | ഗർഭിണികളായ സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കുമായിട്ടുള്ള ആരോഗ്യ പരിപാലന പദ്ധതിയായ 'ജനനീ ശിശു സുരക്ഷ കാര്യക്രമിലൂടെ സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും സൗജന്യ ചികിത്സ നൽകുന്നുണ്ടോ ; എങ്കിൽ ഈ പദ്ധതിയുടെ നടത്തിപ്പ് എങ്ങനെയാണെന്ന വിശദമാക്കാമോ; | എ) | ഗർഭിണികളായ സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കുമായിട്ടുള്ള ആരോഗ്യ പരിപാലന പദ്ധതിയായ 'ജനനീ ശിശു സുരക്ഷ കാര്യക്രമം നടപ്പിലാക്കുന്ന എല്ലാ ആശുപത്രികളിലും സൗജന്യ ചികിത്സ നൽകുന്നുണ്ട്. ഗർഭിണിയായ ഒരു സ്ത്രീക്ക് അവരുടെ ആന്റീ നെറ്റൽ കെയർ മുതൽ പ്രസവം കഴിഞ്ഞ് 48 ദിവസം വരെയുള്ള മരുന്നുകളും ടെസ്റ്റ് സ്കാൻ തുടങ്ങിയവയും അതാത് സർക്കാർ ആശുപത്രികളിൽ നിന്നും സൗജന്യമായി നൽകി വരുന്നു. ഇവ ഉറപ്പുവരുത്തേണ്ടത് അതാത് ആശുപത്രികളിലെ മേലധികാരികളാണ്. ഈ സേവനം നൽകുന്നതിനായി ആവശ്യമായ സൗകര്യങ്ങൾ ഏതെങ്കിലും സാഹചര്യത്തിൽ ആശുപത്രികളിൽ ലഭ്യമല്ലാതായി വരുന്ന ഘട്ടത്തിൽ അധികൃതർക്ക് പുറത്തുള്ള സർക്കാർ അംഗീകൃത സ്വകാര്യ സ്ഥാപനങ്ങളുമായി (മരുന്നുകൾക്കും, ടെസ്റ്റ്, സ്കാൻ എന്നിവയ്ക്കും) കരാറിൽ ഏർപ്പെടാവുന്നതാണ്. |
| ബി) | തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ ഈ പദ്ധതിയുടെ ഗുണഫലം രോഗികൾക്ക് ലഭിക്കുന്നില്ലായെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ഇത്തരം ഒരു പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) | എങ്കിൽ രോഗികൾക്ക് സൗജന്യ ചികിത്സയോ, പുറമേ നിന്നും വാങ്ങുന്ന മരുന്നുകൾക്ക് തുക തിരികെ നൽകുന്നതിലോ കാലതാമസം ഉണ്ടാകുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിയ്ക്കുമോ ? | സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ